<u>വിവരാവകാശ മറുപടി</u>

നം. ഇ8- 36061/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 4/11/2017
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

ശ്രീ. ആഘോഷ് കുമാർ. കെ
മലയടി ഹൗസ്,
പനയമുട്ടം പി.ഒ
നെടുമങ്ങാട്
തിരുവനന്തപുരം 695 561

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 20/10/2017 ൽ വിവരാവകാശ നിയമ പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ 14 ഡ്രൈവർ തസ്തികകൾ നിലവിലുണ്ട്.
2. തിരുവനന്തപുരം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ 2 ഒഴിവുകൾ ഉണ്ട്.
3. തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒരു ഒഴിവ് PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തീയതി 22/08/2014.
4. തിരുവനന്തപുരം ജില്ലയിൽ ഡ്രൈവർ തസ്തികയിൽ 2 ഒഴിവുകൾ ഉള്ളതിൽ 1 ഒഴിവ് PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2/04/2003 ലെ FN-1-312002(1)-1 (Vol. II) നമ്പർ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കേന്ദ്ര ഗവൺമെന്റ് ധനസഹായത്തിൽ പ്രവർത്തിക്കുന്ന ICDS പദ്ധതികളിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്ന ആൾ പെൻഷൻ പറ്റി

Dh/-

പിരിയുകയോ വാഹനം കണ്ടം ചെയ്യുകയോ ചെയ്താൽ ടി തസ്തികകൾ നിർത്തലാക്കണമെന്ന് നിർദ്ദേശമുണ്ട്. ഈ കാരണത്താൽ പ്രസ്തുത രീതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയില്ല.

5. വകുപ്പിന് കീഴിൽ അനുബന്ധ ഡിപ്പാർട്ട്മെന്റുകൾ ഇല്ല. ഓർഫനേജ് കൺട്രോൾ ബോർഡ്, നിർഭയ, ICPS എന്നീ പദ്ധതി നിർവ്വഹണ ഏജൻസികൾ ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.
6. ഓർഫനേജ് കൺട്രോൾ ബോർഡിൽ ഒരു സർക്കാർ വാഹനവും (LMV) നിർഭയ പദ്ധതിയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു വാഹനവും ഉപയോഗിച്ച് വരുന്നു.
7. സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിലുള്ള ഒരു വാഹനവും ഡ്രൈവറേയുമാണ് ഓർഫണേജ് കൺട്രോൾ ബോർഡിൽ നിയോഗിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് അനുസരിച്ച് ഒരു കരാർ വാഹനമാണ് നിലവിലുള്ളത്. ഇവിടെ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ലാത്തതാണ്. വേക്കൻസി PSC യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല.

8. & 9. ചോദ്യം 4 നുള്ള മറുപടിയിൽ പറയുന്ന തരത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ വാഹനം ഉണ്ടാകുകയും ഡ്രൈവറുടെ തസ്തിക PSC യിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാതെ വരുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ ഡയറക്ടറേറ്റ് ഉൾപ്പെടെ 4 വാഹനങ്ങൾ ഉണ്ട്. ഇതിൽ ഡയറക്ടറേറ്റിലേയ്ക്ക് 3 തസ്തികകൾ പത്തനാപുരം, കൊച്ചി അർബൻ III, പഴയന്നൂർ എന്നീ ICDS കളിൽ നിന്നും ഷിഫ്റ്റ് ചെയ്യുന്നതിനായി 21/07/2016 ൽ സർക്കാരിന് പ്രൊപ്പോസൽ നൽകിയിരുന്നു. അതിൻമേൽ സർക്കാരിൽ നിന്നുള്ള അനുകൂല ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

10. വകുപ്പിന് കീഴിൽ 112 ലൈറ്റ് ഡ്രൈവർ വാഹനങ്ങൾ ഉണ്ട്.
11. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 2 LDV ഡ്രൈവർമാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.
12. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 8 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ പ്രവർത്തിച്ച് വരുന്നു.
13. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 6 സ്ഥിര നിയമന ഡ്രൈവർമാർ സേവനമനുഷ്ഠിക്കുന്നു.

Dh/-

14. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 2 ദിവസവേതന ഡ്രൈവർമാർ സേവനമനുഷ്ഠിക്കുന്നു.

15. നിലവിലുള്ള ഒരു ഒഴിവ് PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

16. വകുപ്പിന് കീഴിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ സാമൂഹ്യനീതി ഡയറക്ടർ PSCയ്ക്ക് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്യുന്നത്.

17. 2020 ഡിസംബർ 31 ന് മുൻപ് വകുപ്പിന് കീഴിൽ 16 ഡ്രൈവർമാർ വിരമിക്കുന്നത് മൂലം ഒഴിവ് ഉണ്ടാകുന്നുണ്ട്.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ, മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ എന്ന മേൽ വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

S. L ശ്യാം ശങ്കർ,
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

Dh/-